ഉണ്ടായിരുന്നു. ഇപ്പോളത് സ്റ്റേ ആയി കിടക്കുകയാണ്. ഇപ്പോൾ ഈ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിയുടെ തീരുമാനമറിഞ്ഞ ശേഷം അതിന്മേൽ ഒരു തീരുമാനം എത്രയും വേഗം എടുക്കാം. ആ ഫയൽ പ്രോസസ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. കോടതിയുടെ ഒരു തീരുമാനം കൂടി അറിയാനാണ് കാത്തിരിക്കുന്നത്. അതുസംബന്ധിച്ച് ഉടനെ ഒരു തീരുമാനം ഉണ്ടാക്കുന്നതാണ്. പക്ഷേ, അവരെയെല്ലാപേരെയും സ്ഥിരപ്പെടുത്തുക എന്നു പറയുന്നത് വലിയ സാമ്പത്തികബാധ്യതയുള്ള കാര്യമായതിനാൽ അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് അതിനൊരു തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയുടെയും പരിസരത്തിന്റെയും വികസനം

ശ്രീ. കെ. മോഹൻകുമാർ: സർ, പരിമിതികൾക്കും, പരാധീനതകൾക്കുമിടയിൽ ലക്ഷക്കണക്കിന് മനുഷ്യജീവൻ രക്ഷിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അവശതകൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് പുതിയ വാർഡുകൾ ആരംഭിക്കുകയും തിയേറ്ററുകൾ നവീകരിക്കുകയും ചെയ്തകാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, അവശതകൾ അനന്തമായി നീണ്ടുപോകുകയാണ്. പണിപൂർത്തിയാക്കിയ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമാക്കണം. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്കുതന്നെ അറിയാവുന്ന ആവലാതികൾ പരിഹരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യപൂർവ്വം നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. മെഡിക്കൽ കോളേജ് ജംഗ്ഷന്റെ വികസനം പൂർത്തിയാക്കാനും കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ആവശ്യമായ സ്ഥലം നൽകാനും 50 വർഷക്കാലമായി മരവിപ്പിച്ചിട്ടിരിക്കുന്ന സ്ഥലം തലസ്ഥാനവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, മെഡിക്കൽകോളേജിന്റെ വികസനത്തിന് ഇപ്പോൾതന്നെ വിപുലമായ പരിപാടികൾ അംഗീകരിച്ചിട്ടുണ്ട്. ഹഡ്കോയിൽനിന്ന് അതിനാവശ്യമായ പണം ലഭ്യമാക്കുന്നതിന് ശ്രമിക്കുകയാണ്. 3-12-2004-ൽ കൂടിയ തലസ്ഥാന മേഖലാ വികസന പദ്ധതിയിൽ ഇരുപത്തഞ്ചാമത് എമ്പവേർഡ് കമ്മിറ്റി ആ പ്രദേശത്തെ വികസനംകൂടി അതിനകത്താക്കി. മെഡിക്കൽ കോളേജ് ക്യാമ്പസിനുവേണ്ടിയുള്ള ഒരു പ്രോജക്ടിന് 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെത്തന്നെ തലസ്ഥാന മേഖലാ വികസന

പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽകോളേജ് പരിസരത്ത് ഒരു ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് ട്രിഡ ശുപാർശ ചെയ്തിട്ടുണ്ട്, അതിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കണമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതു പരിശോധിക്കാം. അതുപോലെത്തന്നെ മെഡിക്കൽകോളേജ് ആശുപത്രിയുടെ മുൻപിലുള്ള ജംഗ്ഷൻ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

(3) കെ. എസ്. ഇ. ബി.യിൽ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പി. എസ്. സി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, കെ. എസ്. ഇ. ബി.യിലെ അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പി. എസ്. സി. പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റിനു പിന്നിൽ വ്യാപകമായ പരാതിയുയർന്നിട്ടുണ്ട്. 1994-മുതൽ 2001 വരെയുള്ള 4500-ൽപ്പരം ഉദ്യോഗാർത്ഥികളിൽനിന്ന് 2002 ഏപ്രിൽ മാസം അപേക്ഷ ക്ഷണിച്ചു. 5-2-2005-ന് എഴുത്തുപരീക്ഷ നടത്തി. 5-7-2005-ന് വെറും 96 പേർ മാത്രം അടങ്ങുന്ന ഷോർട്ട് ലിസ്റ്റ് ആണ് പി. എസ്.സി. പ്രസിദ്ധീകരിച്ചിരിക്കുന്നത്. 2000-ലധികം ഒഴിവുള്ള തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കെ. എസ്. ഇ. ബി. നിയമനം നടത്തിവരുന്നത്. എന്നാൽ യഥാർത്ഥത്തിലുള്ള ഒഴിവുകൾ കെ.എസ്.ഇ.ബി. പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിന് പരീക്ഷ എഴുതിയ അർഹരായിട്ടുള്ളവർ age over ആയി ഇനി പരീക്ഷ എഴുതാൻ പറ്റാത്തവരായി മാറും. അതുകൊണ്ട് അടിയന്തിരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും നിലവിൽ നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താനുമുള്ള നടപടികൾ എടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.വഴി നികത്തണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നയം. ഈ നിശ്ചിത തസ്തികയിൽ 60 ശതമാനം ജീവനക്കാരുടെയിടയിൽനിന്നും പ്രൊമോഷൻവഴിയും, 40 ശതമാനം പി.എസ്.സി.വഴി നേരിട്ടുള്ള നിയമനവുമാണ്. പി.എസ്.സി.യുടെ ലിസ്റ്റ് ഇപ്പോൾ കിട്ടിയിട്ടുണ്ട്. ആ ലിസ്റ്റിൽ തന്നിരിക്കുന്ന നമ്പർ അവിടത്തെ വേക്കൻസിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഈ കാര്യം പ്രത്യേകം പരിശോധിക്കും. ഗവൺമെന്റിന്റെ നയം, പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സാധ്യതയുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യണം, അതനുസരിച്ച് എടുക്കണം എന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞകാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly